# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. ക്ലാസ്സ് I - IX: വാർഷിക പരീക്ഷ 2021 മാർച്ച് 21 ഞായറാഴ്ച

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള പരീക്ഷകൾ സാധ്യമല്ലാത്തതിനാൽ കുട്ടികൾ ഇതുവരെ പഠിച്ച വിശ്വാസസത്യങ്ങളുടെ ബോധനം കുട്ടിയുടെ അനുദിന വിശ്വാസജീവിതത്തിൽ ഉണ്ടാക്കിയ സ്വാധീനങ്ങളും നേടിയ ബോധ്യങ്ങളും എന്തൊക്കെയാണെന്ന് അറിയുവാനും കൂടുതൽ ആഴത്തിൽ പതിപ്പിക്കുവാനുമുള്ള ഒരു തുടർപ്രവർത്തനമായി എല്ലാവരും ഈ ക്രമീകരണത്തെ കാണണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

### നിർദ്ദേശങ്ങൾ

a. പരീക്ഷ തീയതി - 2021 മാർച്ച് 21 ഞായറാഴ്ച രാവിലെ 11 മണി മുതൽ 1 മണിവരെ.

b. 4 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പരീക്ഷ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സൺഡേ സ്കൂളിൽ വച്ചു നടത്തുന്നത് ഉചിതമായിരിക്കും. ഇപ്രകാരം പരീക്ഷ നടത്തുവാൻ സാധിക്കാത്ത സൺഡേ സ്കൂളുകൾക്ക് ഭവനങ്ങളിൽ വച്ച് പരീക്ഷ നടത്താവുന്നതാണ്. (ഏതൊക്കെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് സൺഡേ സ്കൂളിൽ വച്ച് പരീക്ഷ നടത്തുവാൻ സാധിക്കുന്നതെന്ന് സ്റ്റാഫ് മീറ്റിംഗ് കൂടി തീരുമാനിക്കുമല്ലോ).

c. ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളോട് അതത് ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് വീഡിയോ കോളിലൂടെ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിപ്പിക്കാവുന്നതാണ്. ഇതിനുള്ള സാഹചര്യം ഇല്ലാത്ത സ്ഥലങ്ങളിൽ അയച്ചുകൊടുക്കുന്ന ചോദ്യങ്ങൾ മാതാപിതാക്കൾ കുട്ടികളോട് ചോദിക്കുകയും മാർക്കുകൾ അധ്യാപകർക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ് (ഉചിതമെങ്കിൽ രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കും എഴുത്തു പരീക്ഷ നടത്താവുന്നതാണ്).

d. മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് എഴുത്തുപരീക്ഷയായിരിക്കും. അവർ ഭവനത്തിൽ വച്ച് പരീക്ഷ എഴുതേണ്ടതാണ്.

e. പ്രധാനാധ്യാപകരുടെ വാട്സാപ്പ് ഗ്രൂപ്പിൽ മാർച്ച് 21 ഞായറാഴ്ച രാവിലെ 10.30ന് ചോദ്യങ്ങൾ അയച്ചുതരുന്നതായിരിക്കും.

f. **സൺഡേ സ്കൂളിൽ വച്ച് പരീക്ഷ നടത്തുന്ന ഇടവകകൾ ഓരോ ക്ലാസ്സിലും എത്ര ചോദ്യപേപ്പർ വീതം വേണമെന്ന് (ക്ലാസ്സ് 4 മുതൽ 11 വരെ) മാർച്ച് രണ്ടിനുള്ളിൽ ഓഫീസിൽ അറിയിക്കണം (പ്രധാനാധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി).**

g. ഭവനങ്ങളിൽവച്ചാണ് പരീക്ഷ നടത്തുന്നതെങ്കിൽ കോവിഡ് 19-ന്റെ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ഉത്തരപേപ്പറുകൾ നേരിട്ട് വാങ്ങാനുള്ള സംവിധാനം നിർബന്ധമായും ഒരുക്കണം. (ഉദാ: കുടുംബകൂട്ടായ്മ ലീഡേഴ്സ് വഴി, യുവജനങ്ങൾ വഴി, വിശ്വാസപരിശീലകർ നേരിട്ടോ ശേഖരിക്കാവുന്നതാണ്). പരീക്ഷയ്ക്കുശേഷം 1.30 നുള്ളിൽ കുട്ടികൾ ഉത്തരക്കടലാസിന്റെ ഫോട്ടോ എടുത്ത് ക്ലാസ്സദ്ധ്യാപകന്റെ വാട്സാപ്പ് നമ്പറിലേക്ക് അയച്ചുകൊടുക്കണം. പിറ്റേദിവസം രാവിലെ 9 മണിക്കു മുൻപായി ഉത്തരക്കടലാസുകൾ ശേഖരിക്കണം.

h. ഉത്തരക്കടലാസുകൾ ശേഖരിക്കുന്നതിനുമുൻപായി ഫോട്ടോ എടുത്ത് അയക്കുമ്പോൾ ഒരു കാരണവശാലും ക്ലാസ്സ് ഗ്രൂപ്പിലേക്ക് അയക്കുവാൻ പാടില്ല.

i. 1 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 11 മുതൽ 15 വരെയുള്ള പാഠങ്ങളിൽനിന്നും ഉപപാഠപുസ്തകത്തിൽനിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക (ഉപപാഠപുസ്തകം മുഴുവൻ).

j. പാഠപുസ്തകം, ഉപപാഠ പുസ്തകം, നമസ്കാരം (ക്ലാസ്സ് 4-9), വിശുദ്ധ കുർബാനയാകുന്ന വിസ്മയം - ഭാഗം 2 (ക്ലാസ്സ് 4-9) എന്നിവയിൽ നിന്നും 70 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

k. വാർഷികപരീക്ഷയ്ക്ക് Internal Assesment ഉണ്ടായിരിക്കുകയില്ല. കുട്ടികൾ വിശ്വാസോത്സവത്തിന്റെ വർക്കുബുക്ക് എപ്രകാരം പൂരിപ്പിച്ചു എന്നതിനനുസരിച്ചായിരിക്കും 30 മാർക്ക് നൽകുന്നത്.

l. പരീക്ഷാദിവസം കുട്ടികളുടെ വിശ്വാസോത്സവ വർക്കുബുക്ക് തിരികെ വാങ്ങിക്കണം.

m. പരീക്ഷാസംബന്ധമായ കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗ്കൂടി തീരുമാനിക്കേണ്ടതാണ്.

## 2. ക്ലാസ്സ് 10-11: വാർഷിക പരീക്ഷ ഏപ്രിൽ 10 ശനിയാഴ്ച

10-11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 10 ശനിയാഴ്ച രാവിലെ 10 മുതൽ 12 മണിവരെയായിരിക്കും.

### നിർദ്ദേശങ്ങൾ

a. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സൺഡെ സ്കൂളിൽ വച്ച് നിർബന്ധമായും പരീക്ഷ നടത്തണം.

b. ചോദ്യപേപ്പർ ഫൊറോന കേന്ദ്രത്തിൽ എത്തിച്ചുതരുന്നതാണ്.

c. പത്താം ക്ലാസ്സിലെ കുട്ടികൾക്ക് 11 മുതൽ 15 വരെയുള്ള പാഠങ്ങളിൽ നിന്നും ഉപപാഠപുസ്തകത്തിൽനിന്നും, വിശുദ്ധ കുർബാനയാകുന്ന വിസ്മയം - ഭാഗം രണ്ടിൽനിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. പതിനൊന്നാം ക്ലാസ്സിലെ കുട്ടികൾക്ക് 8 മുതൽ 15 വരെയുള്ള പാഠങ്ങളിൽ നിന്നും ഉപപാഠപുസ്തകത്തിൽനിന്നും വിശുദ്ധ കുർബാനയാകുന്ന വിസ്മയം ഭാഗം രണ്ടിൽനിന്നും ആയിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
e. വാർഷിക പരീക്ഷയ്ക്ക് Internal Assesment ഉണ്ടായിരിക്കുകയില്ല. കുട്ടികൾ വിശ്വാസോത്സവ വർക്കുബുക്ക് എപ്രകാരം പൂരിപ്പിച്ചു എന്നതിനനുസരിച്ചായിരിക്കും 30 മാർക്ക് നൽകുന്നത്.
f. പരീക്ഷാദിവസം വിശ്വാസോത്സവ വർക്കുബുക്ക് തിരികെ വാങ്ങേണ്ടതാണ്.

## 3. വിശുദ്ധ കുർബാനയാകുന്ന വിസ്മയം - ഭാഗം രണ്ട്

മാർച്ച് 21-ന് നടത്തുന്ന വാർഷിക പരീക്ഷയ്ക്ക് ജനറൽ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയില്ല. പകരം സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാനയെക്കുറിച്ചുള്ള പഠനപരമ്പരയുടെ രണ്ടാം ഭാഗത്തുനിന്നും ഒറ്റവാക്കിൽ ഉത്തരമെഴുതുവാനുള്ള അഞ്ച് ചോദ്യങ്ങൾ ഉണ്ടായിരിക്കും. വീഡിയോയുടെ രണ്ടാം ഭാഗം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ Youtube ചാനലിൽ ലഭ്യമാണ്.

## 4. മാർക്ക് വിഭജനം

**ക്ലാസ്സ് 1–3**

| | |
|---|---|
| പാഠപുസ്തകം | – 40 മാർക്ക് |
| ഉപപാഠം | – 30 മാർക്ക് |
| വിശ്വാസോത്സവം | – 30 മാർക്ക് |

**ക്ലാസ്സ് 4–11**

| | |
|---|---|
| പാഠപുസ്തകം | – 40 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |
| നമസ്കാരം | – 5 മാർക്ക് |
| വിശുദ്ധ കുർബാനയാകുന്ന വിസ്മയം | – 5 മാർക്ക് |
| വിശ്വാസോത്സവം | – 30 മാർക്ക് |

## 5. വിശ്വാസോത്സവം

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ നാം പതിവായി നടത്താറുള്ളതുപോലെ വിശ്വാസോത്സവം ക്രമീകരിക്കുവാൻ സാധിക്കുകയില്ലല്ലോ. അതിനാൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ വിശ്വാസോത്സവം നടത്തുവാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോവിഡിന്റെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ഒരുമിച്ചുകൂട്ടി വിശ്വാസോത്സവം നടത്തുവാനുള്ള സാധ്യതകൾ ചിന്തിക്കാവുന്നതാണ്.

## A. അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

a. വിശ്വാസപരിശീലകരെ വിശ്വാസോത്സവ വർക്കുബുക്ക് പരിചയപ്പെടുത്തുന്ന വീഡിയോ മാർച്ച് 7 ഞായറാഴ്ച നൽകുന്നതാണ്.

b. കുട്ടികൾക്ക് ഓരോ ദിവസത്തെയും വർക്കുകൾ വിശദീകരിച്ചുകൊടുക്കുന്ന വീഡിയോകൾ വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കി നൽകുന്നതാണ്. താൽപര്യമുള്ളവർ ഇടവകാതലത്തിൽ വീഡിയോകൾ തയ്യാറാക്കി കുട്ടികൾക്ക്  നൽകുന്നത് ഉചിതമായിരിക്കും.

c. ഉത്തരങ്ങൾ ഡയറക്ടായി നൽകാതെ കുട്ടികൾ തന്നെ കണ്ടെത്തുവാൻ പ്രോത്സാഹിപ്പിക്കണം.

d. അധ്യാപകസഹായിയുടെ അവസാന പേജുകളിൽ വർക്കുകളുടെ ഉത്തരങ്ങളും മറ്റു വിശദീകരണങ്ങളും നൽകിയിട്ടുണ്ട്.

e. വർക്കുബുക്കിന്റെ അവസാനം ഓരോ വർക്കിനും എത്ര മാർക്ക് നൽകണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. **വിശ്വാസോത്സവത്തിന് ലഭിച്ച ടോട്ടൽ മാർക്കിനെ 0.15 കൊണ്ട് ഗുണിച്ചാൽ കിട്ടുന്നതായിരിക്കും കുട്ടിയുടെ Internal Assesment മാർക്ക്. ഉദാഹരണത്തിന് : 200ൽ 180 മാർക്ക് ലഭിച്ച കുട്ടിയുടെ Internal Assesment മാർക്ക് : 180 X 0.15 = 27 മാർക്ക്.**

f. വാർഷിക പരീക്ഷാപേപ്പറിനൊപ്പംതന്നെ വിശ്വാസോത്സവ വർക്കുബുക്കും ശേഖരിക്കണം.

## B. ക്ലാസ്സ് 1-9: വിശ്വാസോത്സവം - മാർച്ച് 8 മുതൽ 12 വരെ നിർദ്ദേശങ്ങൾ

a. 1 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസോത്സവം മാർച്ച് 8 തിങ്കൾ മുതൽ 12 വെള്ളിവരെയുള്ള ദിവസങ്ങളിലായിരിക്കും.

b. എല്ലാദിവസവും രാവിലെ 10 മണിക്ക് ക്ലാസ്സുകൾ Catechesis Thalassery എന്ന വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനൽ വഴി സംപ്രേഷണം ചെയ്യുന്നതാണ്.

c. ഇരുപത് മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ക്ലാസ്സുകളായിരിക്കും നൽകുക.

d. വീഡിയോ ക്ലാസ്സിനു ശേഷമുള്ള ഒരു മണിക്കൂർ സമയം കുട്ടികൾ വർക്കുകൾ പൂരിപ്പിക്കുവാൻ വിനിയോഗിക്കേണ്ടതാണ്.

## C. ക്ലാസ്സ് 10-11: വിശ്വാസോത്സവം - ഏപ്രിൽ 5 മുതൽ 9 വരെ നിർദ്ദേശങ്ങൾ

a. പത്ത്, പതിനൊന്ന് ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസോത്സവം ഏപ്രിൽ 5 തിങ്കൾ മുതൽ ഏപ്രിൽ 9 വെള്ളിവരെയായിരിക്കും.

b. ഇരുപത് മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ക്ലാസ്സുകൾ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ Youtube ചാനൽ വഴി സംപ്രേഷണം ചെയ്യുന്നതാണ്.

c. ക്ലാസ്സിനുശേഷമുള്ള ഒരു മണിക്കൂർ സമയം വർക്കുകൾ പൂരിപ്പിക്കുവാൻ വിനിയോഗിക്കണം.

### 6. ഡിപ്ലോമ പരീക്ഷ: ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ്

ഡിപ്ലോമ പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പ് ഫെബ്രുവരി 17 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തി. മൂല്യനിർണ്ണയത്തിന് സഹകരിച്ച എല്ലാ ബഹു. സിസ്റ്റേഴ്സിനും ഹൃദ്യമായ നന്ദി.

### 7. "സ്നേഹവീട്" ഭവന പദ്ധതി

വി. യൗസേപ്പിതാവിന്റെ വർഷാചരണത്തോടും അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തോടുമനുബന്ധിച്ച് വിശ്വാസപരിശീലക കൂട്ടായ്മയിലെ പാവപ്പെട്ട ഒരു അധ്യാപക കുടുംബത്തിന് വീട് വച്ചുനൽകുന്ന കാര്യം പ്രധാനാധ്യാപകരുടെ മീറ്റിംഗിലും അധ്യാപക മീറ്റിംഗുകളിലും ചർച്ച ചെയ്തിരുന്നല്ലോ. കുറഞ്ഞത് ഒരു വീടെങ്കിലും പണിതുകൊടുക്കുവാൻ സാധിച്ചാൽ അത് ദൈവജനത്തിന് നമ്മൾ നൽകുന്ന വലിയ സാക്ഷ്യമായിരിക്കും. സൺഡേ സ്കൂളുകൾക്ക് എത്ര തുക വീതം നൽകുവാൻ സാധിക്കുമെന്ന് മാർച്ചു മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗിൽ വരുമ്പോൾ അറിയിക്കുമല്ലോ. ലഭിക്കുന്ന തുകയ്ക്കനുസരിച്ച് തുടർ നടപടികളിലേയ്ക്ക് കടക്കുന്നതിനുവേണ്ടിയാണ്. എല്ലാ വിശ്വാസപരിശീലകരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

### 8. ഈശോയെ അറിയാൻ - ഉപപാഠ ക്ലാസ്സുകൾ

ഫെബ്രുവരി മാസത്തിൽ ഉപപാഠ ക്ലാസ്സുകളുടെ സംപ്രേഷണം അവസാനിച്ചു. ഉപപാഠ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ.ഫാ. ബിപിൻ തെക്കേടത്ത്, അഡ്വ. സന്തോഷ് പല്ലാട്ട്, ശ്രീ. ജോബി മൂലയിൽ, ശ്രീ. ബെന്നി തെരുവത്ത്, സി. ഹെലൻ FCC, സി. സ്മിത CMC, സി. ഹെലൻ CMC, സി. സിജി AO, സി. ജെസ്റ്റീന MSMI, സി. മരിയറ്റ് MSMI, സി. സീന FCC, സി. ലിൻസ ടോം SH, സി. റോസിൻ ഫ്രാൻസിസ് NS, സി. സോന റോസ് CHF, ശ്രീമതി മരിയ ജോർജ് പ്ലാത്തോട്ടം, ശ്രീമതി നീതു ജിജേഷ് കൂമുള്ളിൽ, ശ്രീമതി ബിന്ദു സിബി ഐക്കരയിൽ, അമയ തോമസ് കാപ്പിയിൽ, ജെസ്ന ഐസക് മണിമല എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി.

### 9. വിശ്വാസപരിശീലകരുടെ Zoom meeting - നന്ദി

ഫെബ്രുവരി 9,10,11,12,15 തീയതികളിലായി നടത്തിയ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

### 10. അതിരൂപതാ മതബോധന കമ്മിറ്റി

2020 – 2021 പ്രവർത്തന വർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ 2021 മാർച്ച് 9-ാം തീയതി രാവിലെ 10 മണി മുതൽ 12 മണിവരെ ഓൺലൈനായി ചേരുന്നു. സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യളും, ബഹു. ഫൊറോന വികാരിയച്ചൻമാരും ഫൊറോന പ്രസിഡന്റുമാരും മറ്റ് പ്രത്യേകം തെരഞ്ഞെടു

ക്കപ്പെട്ടവരുമാണ് മീറ്റിഗിൽ പങ്കെടുക്കേണ്ടത്. എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

## 11. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2020-2021 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ചു മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ വച്ച് ഓഫീസിൽ അടയ്ക്കുവാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കുമല്ലോ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം, പാഠപുസ്തക - ഉപപാഠപുസ്തക തുകകൾ etc...)

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 15-03-2021 തിങ്കൾ | 9.00 am |
| എടൂർ | 15-03-2021 തിങ്കൾ | 10.30 am |
| കുന്നോത്ത് | 15-03-2021 തിങ്കൾ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 15-03-2021 തിങ്കൾ | 2.30 pm |
| പൈസക്കരി | 15-03-2021 തിങ്കൾ | 3.45 pm |
| ചെമ്പേരി | 15-03-2021 തിങ്കൾ | 5.00 pm |
| ചെമ്പന്തൊട്ടി | 16-03-2021 ചൊവ്വ | 9.00 am |
| വായാട്ടുപറമ്പ് | 16-03-2021 ചൊവ്വ | 10.30 am |
| ആലക്കോട് | 16-03-2021 ചൊവ്വ | 12.00 pm |
| മേരിഗിരി | 16-03-2021 ചൊവ്വ | 2.30 pm |
| ചെറുപുഴ | 16-03-2021 ചൊവ്വ | 3.45 pm |
| തോമാപുരം | 16-03-2021 ചൊവ്വ | 5.00 pm |
| വെള്ളരിക്കുണ്ട് | 17-03-2021 ബുധൻ | 9.00 am |
| പനത്തടി | 17-03-2021 ബുധൻ | 11.30 am |
| കാഞ്ഞങ്ങാട് | 17-03-2021 ബുധൻ | 2.30 pm |
| തളിപ്പറമ്പ് | 17-03-2021 ബുധൻ | 5.00 pm |

## 12. കുട്ടികളുടെ മീറ്റിംഗ് - ക്ലാസ്സടിസ്ഥാനത്തിൽ

മാർച്ച് 7, മാർച്ച് 14 എന്നീ ഞായറാഴ്ചകളിൽ ക്ലാസ്സുകളുടെ സംപ്രേഷണം ഉണ്ടായിരിക്കുകയില്ല. ഈ രണ്ടു ഞായറാഴ്ചകളിൽ മുതിർന്ന ക്ലാസ്സുകളിൽ (4-11) പഠിക്കുന്ന കുട്ടികളെ ഒരുമിച്ചുകൂട്ടി വാർഷിക പരീക്ഷ, വിശ്വാസോത്സവം സംബന്ധമായ അവരുടെ സംശയങ്ങൾ പരിഹരിക്കുമല്ലോ.

വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാനും അനുരഞ്ജന കൂദാശ സ്വീകരിക്കുവാനുമുള്ള സൗകര്യം ഒരുക്കികൊടുക്കുമല്ലോ....

## 13. അഭിനന്ദനങ്ങൾ

ചന്ദനക്കാംപാറ സൺഡേ സ്കൂൾ വിശ്വാസപരിശീലകയായ ശ്രീമതി ജെയ്നമ്മ ചക്കാംകുന്നേൽ ടീച്ചറിന്റെ മകൻ ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ നമ്മുടെ അതിരൂപതയ്ക്കുവേണ്ടി ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിച്ചു. ചക്കാംകുന്നേൽ കുടുംബാംഗങ്ങൾക്ക് അതിരൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

## 14. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റ്സ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 15. ആദരാഞ്ജലികൾ

17 വർഷക്കാലം പേരാവൂർ സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. അബ്രാഹം വള്ളോംകോട്ടയിൽ, 39 വർഷക്കാലം പേരാവൂർ സൺഡേ സ്കൂളിൽ വിശ്വാസപരീശീലകനായിരുന്ന ശ്രീ. മാത്യു അറയ്ക്കൽ, രാജമുടി സൺഡേ സ്കൂളിൽ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയായിരുന്ന സാന്ദ്ര വലിയവീട്ടിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേതരുടെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലനകേന്ദ്രം കുടുംബാംഗങ്ങളുടെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

## 16. ദിയാക്കോണിയ

ഫെബ്രുവരി - മാർച്ച് മാസത്തിൽ കുട്ടികൾ ചെയ്യേണ്ട ദിയാകോണിയ കർമ്മപദ്ധതികൾ താഴെകൊടുക്കുന്നു.

1) **ഉത്സവ്:** മിഷൻ പച്ചക്കറിത്തോട്ടത്തിലെയും സ്വന്തം കൃഷി ഇടത്തിലെയും (ഏദേൻ തോട്ടം) വിളവുകൾ ഇടവകാതലത്തിൽ വിൽപ്പനക്കായി എത്തിക്കുന്നു.

2) **Eco Training:** പേപ്പർ ക്യാരിബാഗ് – ക്ലോത്ത്ബാഗ്, മണ്ണിരകമ്പോസ്റ്റ്, ജൈവ കീടനാശിനി, സോപ്പ്, ലോഷൻ എന്നിവ തയ്യാറാക്കാൻ പഠിപ്പിക്കുന്നു.

3) **പ്രചോദ്:** Echo friendly ഇനങ്ങളുടെ പ്രദർശനം.

## 17. ഡയറക്ടറച്ചന്റെ സന്ദർശനം

ഫെബ്രുവരി 3,4,5 തീയതികളിൽ ഡയറക്ടറച്ചൻ 16 ഫൊറോനകളിലെയും പ്രധാനാധ്യാപകരുടെ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ വച്ച് ഓൺലൈൻ വിശ്വാസപരിശീലനത്തിന്റെ പുരോഗതി വിലയിരുത്തി. ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം ചെയ്തു.

ഫെബ്രുവരി മാസത്തിൽ ഡയറക്ടറച്ചൻ അരിവിളഞ്ഞപൊയിൽ, ജോസ്ഗിരി എന്നീ സൺഡേ സ്കൂളുകൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** — ഡയറക്ടർ, 9447952958